**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1809** **29-09-2025 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി മണ്ഡലത്തിലെ എസ്. എ. ആർ. ബി. ടി. എം. ഗവൺമെന്റ് കോളേജിലെ ലൈബ്രറി ബ്ലോക്ക് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കൊയിലാണ്ടി മണ്ഡലത്തിൽ എസ്. എ. ആർ. ബി. ടി. എം. ഗവൺമെന്റ് കോളേജിൽ ആധുനിക ലൈബ്രറി ബ്ലോക്ക് നിർമ്മിക്കുന്നതിന് 6 കോടി രൂപ അനുവദിച്ചതിനെത്തുടർന്ന് നിർമ്മാണ ചുമതല ഏൽപ്പിച്ച കിറ്റ്കോ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൊയിലാണ്ടി എസ്.എ.ആർ.ബി.ടി.എം ഗവൺമെന്റ് കോളേജിൽ ലൈബ്രററി ബ്ലോക്ക് നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുന്നതിലെ വേഗതക്കുറവ് ഉൾപ്പെടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലെ മോശം പ്രകടനത്തെ തുടർന്ന് ആദ്യം നിർമ്മാണം നടത്തിയ കോൺട്രാക്ടറെ കരാറിൽ നിന്നും ഒഴിവാക്കിയിരുന്നു. അവശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിനായി 7 തവണ ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും മതിയായ ആളുകൾ ടെൻഡറിൽ പങ്കെടുക്കാതിരുന്നതിനാൽ അർഹരായവരെ കോൺട്രാക്ടറായി കണ്ടെത്താൻ സാധിച്ചില്ല. നിലവിൽ ടി പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്തിരിക്കുകയാണ്. നിലവിലെ ടെൻഡർ പ്രകാരം ബിഡ് സമർപ്പിക്കാനുള്ള അവസാന തീയതി 30.09.2025 ആയി നിശ്ചയിച്ചിട്ടുള്ളതാണ്. |
| (ബി) | എങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ബി) | കൊയിലാണ്ടി എസ്.എ.ആർ.ബി.ടി.എം ഗവൺമെന്റ് കോളേജിൽ ലൈബ്രററി ബ്ലോക്ക് നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുന്നതിലെ വേഗതക്കുറവ് ഉൾപ്പെടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലെ മോശം പ്രകടനത്തെ തുടർന്ന് ആദ്യം നിർമ്മാണം നടത്തിയ കോൺട്രാക്ടറെ കരാറിൽ നിന്നും ഒഴിവാക്കിയിരുന്നു. അവശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിനായി 7 തവണ ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും മതിയായ ആളുകൾ ടെൻഡറിൽ പങ്കെടുക്കാതിരുന്നതിനാൽ അർഹരായവരെ കോൺട്രാക്ടറായി കണ്ടെത്താൻ സാധിച്ചില്ല. നിലവിൽ ടി പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്തിരിക്കുകയാണ്. നിലവിലെ ടെൻഡർ പ്രകാരം ബിഡ് സമർപ്പിക്കാനുള്ള അവസാന തീയതി 30.09.2025 ആയി നിശ്ചയിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ